**മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും**

**സർക്കുലർ നമ്പർ: 109**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2023 ഒക്ടോബർ 22–ാം തീയതി ഞായറാഴ്ച സഭയായി നാം ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനമായി വേർതിരിച്ചിരിക്കുകയാണല്ലോ. "*കുടുംബം ദൈവരാജ്യത്തിന്റെ പ്രകാശനം*" എന്നതാണ് ഈ വർഷത്തെ കുടുംബദിനത്തിലെ ചിന്താവിഷയം. നമുക്ക് ദൈവം നൽകിയിരിക്കുന്ന കൃപകൾക്ക് സ്തോത്രം കരേറ്റുന്നതിനും നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിനുമായി ഈ ദിനം ഉപയോഗിക്കാം. ദൈവം മനുഷ്യവർഗ്ഗത്തിന് നൽകിയ ദിവ്യദാനമാണ് കുടുംബം. ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സ്നേഹം, നീതി, കരുണ, തുല്യത എന്നിവ കുടുംബ ജീവിതത്തിൽ പാലിക്കപ്പെടണം. അന്യോന്യം സ്നേഹിക്കുകയും കരുതുകയും അംഗീകരിക്കുകയും ചെയ്യുന്ന ബന്ധങ്ങളുടെ ഊഷ്മളതയാണ് കുടുംബ ജീവിതത്തിൽ ഉണ്ടാകേണ്ടത്. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്ന കുടുംബങ്ങൾ ദൈവരാജ്യത്തിന്റെ പ്രകാശനമാണ്. പരസ്പര വിശ്വാസം, കരുതൽ, ജീവിത വിശുദ്ധി എന്നിവയിൽ അധിഷ്ഠിതമായി ജീവിക്കുകയും കുടുംബ പ്രാർത്ഥന, തിരുവചന പഠനം, ആരാധന എന്നിവയ്ക്കു വേണ്ട പ്രാധാന്യം നൽകുകയും വേണം. ദൈവരാജ്യശുശ്രൂഷയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുന്നതിനും തലമുറകളെ ദൈവീക വിശ്വാസാടിത്തറയിൽ വളർത്തുന്നതിനും ഉള്ള കടമ വിസ്മരിക്കരുത്. കുടുംബ ശാക്തീകരണത്തിൽ കൗൺസിലിംഗ് ഇടവകാംഗങ്ങൾക്ക് ലഭ്യമാകുന്നതിന് ശ്രമിക്കണം.

ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം കുടുംബങ്ങളുടെ പുന:പ്രതിഷ്ഠയ്ക്കും സമർപ്പണത്തിനുമുള്ള അവസരമാകണം. തിന്മശക്തികളിൽ നിന്ന് വിട്ടു നില്ക്കുമെന്ന് ഒരോ കുടുംബവും പ്രതിജ്ഞ എടുക്കണം. ആവശ്യത്തിലിരിക്കുന്നവർക്കും ഏകാന്തതയനുഭവിക്കുന്നവർക്കും ആവശ്യമായ സഹായവും കരുതലും നൽകുന്നതിന് ഇടവകയായി വേണ്ട പരിപാടികൾ നടത്തണം. ഒക്ടോബർ 22–ാം തീയതി ഞായറാഴ്ച ആരാധനയിൽ കുടുംബമായി വന്ന് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കണം. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്ന് യോശുവയെപ്പോലെ എല്ലാ കുടുംബങ്ങളും പ്രഖ്യാപിക്കുകയും ദൈവരാജ്യശുശ്രൂഷ എന്ന നിയോഗം ഉത്സാഹത്തോടെ നിർവ്വഹിക്കുകയും ചെയ്യുവാൻ ദൈവം എല്ലാവരെയും ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 സെപ്റ്റംബർ 27–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No: 109**

*Blessings to you all the Vicars, Resident Clergy, Trustees, and Members of all the Parishes under our authority.*

Dearly beloved in Christ,

We have set apart $22^{nd}$ October 2023 as the Christian Family Dedication Sunday. The theme of this year's Family Sunday is "Family an Expression of the Kingdom of God." Let us utilize this day to thank God for the grace He has showered upon us and to dedicate ourselves in the presence of God. Family is a divine God that God has given to humankind. The kingdom values of love, righteousness, mercy, and equality must be followed in family life. The warmth of relationships that love, care, and accept each other must be present in family life. Families that do the will of God are the expressions of God's kingdom. We should live based on mutual trust, care, and sanctity of life and give due importance to family prayer, study of the Word of God, and worship. We should not forget the duty to work diligently in the ministry of God and to raise the future generations on the foundation of God's faith. Counseling on family empowerment should be made available to parishioners.

The Christian Family Dedication Sunday is to be an opportunity for the submission and re-dedication of our families. Each family must take a vow to stay away from the powers of evil. Programs should be organized by parishes to provide help and care to the needy and lonely. On Sunday, October 22nd, all must come to worship and participate in the Holy Qurbana as families. May God strengthen everyone as families to declare like Joshua, "As for me and my house, we will serve the Lord," and diligently carry out the mission of the kingdom of God.

Grace be with you all.

Dated $27^{th}$ September 2023 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**